(സി)&(ഡി) മിന്നൽ പരിശോധനയുടെ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ സൂഷ്മ പരിശോധനയിലാണ്. സൂഷ്മ പരിശോധന പൂർത്തിയാക്കുന്നതിനുമുൻപ് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

പൂകൃഷിയെ കുറിച്ച് വിജിലൻസ് അന്വേഷണം

37 [1552] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ് എന്ന സംഘടന നടത്തിയ പൂകൃഷിയെക്കുറിച്ച് തിരുവനന്തപുരം വിജിലൻസ് കോടതി ഏതെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) എന്നാണ് ഉത്തരവ് ഉണ്ടായത്, ആരെല്ലാമാണ് പ്രസ്തുത കേസിലെ കക്ഷികൾ തുടങ്ങിയ മുഴുവൻ വിവരങ്ങളും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് പൂവ്കൃഷി വികസനത്തിനുവേണ്ടി സർക്കാർ അനുവദിച്ച 45 ലക്ഷം രൂപ വിനിയോഗിക്കുന്നതിൽ ഗുരുതരമായ ക്രമക്കേടുകളും, പണാപഹരണവും നടന്നു എന്നുള്ള ആരോപണം ഉന്നയിച്ചുകൊണ്ട് ശ്രീ. ആറ്റുകാൽ സുരേന്ദ്രൻ, മണക്കാട്, തിരുവനന്തപുരം വാദിയായി തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സി.എം.പി. 996/2003 നമ്പരായി ഫയൽ ചെയ്ത ഒരു പരാതി, പ്രസ്തുത വിഷയത്തിൻമേൽ ഒരു വിജിലൻസ് അന്വേഷണം നടത്തണമെന്ന ഉത്തരവോടുകൂടി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) 1-12-2003-ൽ ആണ് മേൽപ്പറഞ്ഞ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീ. ആറ്റുകാൽ സുരേന്ദ്രൻ, മണക്കാട്, തിരുവനന്തപുരം എന്ന വ്യക്തിയാണ് പ്രസ്തുത പരാതി ഫയൽ ചെയ്തിട്ടുള്ളത്. പ്രസ്തുത പരാതിയിലെ എതിർ കക്ഷികൾ താഴെ പറയുന്നവരാണ്.

1. ശ്രീ. പി. ജെ. ജോസഫ്, പ്രസിഡന്റ്, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ്, പാലത്തിങ്കൽ വീട്, പുരപ്പുഴ പി. ഒ., തൊടുപുഴ.

2. ശ്രീ. സി. എം. മാത്യു, സെക്രട്ടറി, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ്, പുരപ്പുഴ എസ്റ്റേറ്റ്, കാടാലിക്കോട് പി. ഒ., മൂവാറ്റുപുഴ.

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. മാത്യു മഠത്തികണ്ഠം, ട്രഷറർ, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ലോറികൾച്ചറിസ്റ്റ്, അഗ്രി ഹോർട്ടി സൊസൈറ്റി, രാജഗിരി, മുതലകുളം പി. ഒ., തൊടുപുഴ താലൂക്ക്, തൊടുപുഴ.

4. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (1996-97), തിരുവനന്തപുരം.

5. സെക്രട്ടറി (1996-97), ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പച്ച, പാലോട്, തിരുവനന്തപുരം.

(സി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ജില്ലാ യൂണിറ്റാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്. അന്വേഷണം പുരോഗമിക്കുന്ന ഈ ഘട്ടത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും മറ്റു വിശദാംശങ്ങളും വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം

38 [1553] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലുള്ള എത്ര ഉദ്യോഗസ്ഥന്മാരെയാണ് പുനർവിന്യസിച്ചിട്ടുള്ളത്;

(സി) യു.ഡി.എഫ്. സർക്കാർ 2001 മേയ് മാസത്തിൽ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന സിവിൽ സർവ്വീസിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു; ഇപ്പോൾ സംസ്ഥാന സിവിൽ സർവ്വീസിൽ എത്ര ജീവനക്കാർ ഉണ്ട്; വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ), (ബി) & (സി) സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനർവിന്യാസം സംബന്ധിച്ച തുടർ നടപടികൾ അതാതു വകുപ്പുകളാണ് സ്വീകരിച്ചുവരുന്നത്. ഇതു സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

39 [1554] ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാർ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly